"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം - തിരുവനന്തപുരം ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്കായിരുന്ന ശ്രീ. സുനിൽകുമാർ എ.പി. സ്ഥലംമാറ്റ ഉത്തരവിനെതിരായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1357/2024 നമ്പർ കേസിലെ 30.08.2024 തീയതിയിലെ ഉത്തരവ് - അപ്പീൽ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2277/2024/LSGD തീയതി,തിരുവനന്തപുരം, 23-11-2024

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2024 തീയതിയിലെ LSGD/PD/6478/2024-DED1-Part(1) നമ്പർ ഉത്തരവ്.
2. ശ്രീ. സുനിൽകുമാർ എ പി ഓൺലൈൻ പോർട്ടൽ മുഖേന സമർപ്പിച്ച അപ്പീൽ അപേക്ഷ
3. ശ്രീ. സുനിൽകുമാർ എ പി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1357/2024 നമ്പർ കേസിലെ 30.08.2024 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.10.2024 തീയതിയിലെ LSGD/PD/34591/2024-LL2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി തിരുവനന്തപുരം ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്കായിരുന്ന ശ്രീ. സുനിൽകുമാർ എ പി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1357/2024 നമ്പർ കേസിലെ 30.08.2024 തീയതിയിലെ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2024ലെ സ്ഥലംമാറ്റ ഉത്തരവിനെതിരേ ഒന്നാം എതിർകക്ഷിയായ സർക്കാരിന് മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിന് അപേക്ഷകന് അവസരം ലഭ്യമാക്കുകയും, അപ്പീൽ ഒരാഴ്ചയ്ക്കുള്ളിൽ ഫയൽ ചെയ്താൽ ആയത് ഒന്നാം എതിർകക്ഷി പരിഗണിച്ച് മൂന്ന് ആഴ്ചക്കുള്ളിൽ ഉത്തരവിടുന്നതിനും ട്രിബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2. തിരുവനന്തപുരം ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്കായിരുന്ന

തന്നെ തെൻമല ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയ പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2024ലെ സ്ഥലംമാറ്റ ഉത്തരവിനെതിരേ ശ്രീ. സുനിൽകുമാർ എ.പി ഓൺലൈൻ പോർട്ടൽ മുഖേന സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം, ബഹു. പ്രിൻസിപ്പൽ ഡയറക്ടറുടെ 03/07/2023 ലെ LSGD/PD/1224/2023-DED1-Part(1) നം. 2023 പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം ആസ്ഥാന ഓഫീസിൽ നിന്നും ക്രമ നം. 1 പ്രകാരം തന്നെ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെയ്ക്ക് ജില്ലാ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റം മുഖേന നിയമിച്ചുത്തരവായിരുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാര്യാലയത്തിൽ ജോലിയിൽ തുടർന്ന് വരുകയുമാണ് എന്നും നിലവിൽ ഇൻകുബെൻസി പരിശോധിക്കുമ്പോൾ കേവലം 8 മാസം മാത്രമാണ് ജോലി നോക്കിയിരുന്നത് എന്നും ആയത് കാരണം 2024 ലെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിച്ചപ്പോൾ അപേക്ഷ സമർപ്പിച്ചിരുന്നില്ലായെന്നും ആയതിനാൽ കരട് ലിസ്റ്റിൽ തന്റെ പേര് ഉൾപ്പെട്ടിരുന്നുമില്ലായെന്നും അറിയിക്കുന്നു. എന്നാൽ 20/08/2024 ലെ LSGD/PD/6478/2024-DED1-Part(1) നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ല ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിന്നും ക്രമ നം. 285 പ്രകാരം തന്നെ കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിലേയ്ക്ക് പൊതുസ്ഥലംമാറ്റം മുഖേന മാറ്റി നിയമിച്ചിരിക്കുന്നതായും ആയതിനാൽ 2024 ലെ പൊതു സ്ഥലംമാറ്റ കരട് ലിസ്റ്റിൽ പോലും ഉൾപ്പെടാതിരുന്ന എന്നെ പ്രസ്തുത പഞ്ചായത്തിലേയ്ക്ക് മാറ്റിയ നടപടി പുനഃപരിശോധിച്ച് നിലവിലുള്ള ഓഫീസിൽ തന്നെ തുടരുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിന് മാനദണ്ഡങ്ങളും മാർഗനിർദ്ദേശങ്ങളും പുതുക്കി 16.03.2024 ൽ ഉത്തരവായിരുന്നതായും ടി ഉത്തരവിലെ മാർഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി അനുകമ്പാർഹമായ കാരണങ്ങളാലും പ്രത്യേക മുൻഗണന പ്രകാരവും സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതും പ്രത്യേക മുൻഗണനകൾ, അനുകമ്പാർഹമായ കാരണങ്ങൾ മുതലായ എല്ലാ പരിഗണനകളും നിശ്ചയിച്ച് ഉൾപ്പെടുത്തിക്കൊണ്ട് സ്ഥലംമാറ്റത്തിന് അർഹത നേടുന്നവരുടെ മുൻഗണന പട്ടികകൾ തയ്യാറാക്കുന്നതും ടി പട്ടികയിൽ നിന്നും സ്ഥലംമാറ്റം അനുവദിക്കുന്നതുമാണ് എന്ന് പരാമർശിച്ചിരുന്നതായും അറിയിക്കുന്നു. ശ്രീ . സുനിൽകുമാർ.എ.പി- യ്ക്ക് നിലവിലെ സ്റ്റേഷനിൽ 273 ദിവസം സ്റ്റേഷൻ സീനിയോറിറ്റിയും തിരുവനന്തപുരം ജില്ലയിൽ ആകെ ഇൻ സ്റ്റേഷൻ സീനിയോറിറ്റി, 12 വർഷം 10 മാസം 10 ദിവസവുമാണ്(ആകെ 4694 ദിവസം) എന്നും അറിയിക്കുന്നു. സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ 3 (എഫ് ) പ്രകാരം ഹോം ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്ത് മൂന്ന് വർഷത്തെ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റിയുള്ള ജീവനക്കാരനും മുൻഗണന, അർഹമായ പട്ടികയിൽ ഉൾപ്പെട്ട് നിശ്ചിത ശതമാനം ജീവനക്കാർക്കും ഹോം ജില്ലയിലേക്ക് തിരികെ വരുന്നതിന് ഓപ്പൺ ഒഴിവുകൾ തികയാത്ത പക്ഷം ആ ജില്ലയ്ക്കകത്ത് ടി തസ്തികയിൽ മൂന്ന് വർഷത്തിൽ അധികം ഏറ്റവും കൂടുതൽ കാലം ഇൻ സ്റ്റേഷൻ സീനിയോറിറ്റിയുള്ള ജീവനക്കാരനെ ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലംമാറ്റുന്നതാണ് എന്ന് പരാമർശിച്ചിരുന്നു. ഇപ്രകാരം സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരനെ, ടി ജീവനക്കാരൻ മറ്റൊരു ജില്ലയിലെ ഏതെങ്കിലും ഓഫീസിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആ ജില്ല ഹോം ജില്ലയായിട്ടുള്ളതും മൂന്ന് വർഷത്തിൽ അധികം ആ ജില്ലയ്ക്ക് പുറത്ത് ആ ജില്ലയിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള ജീവനക്കാരെയും നിശ്ചിത ശതമാന പരിധിയിൽ പ്രത്യേക മുൻഗണനകൾ, അനുകമ്പാർഹമായ കാരണങ്ങൾ മുതലായ എല്ലാ

പരിഗണനകളിലും ഉൾപ്പെട്ട് സ്ഥലംമാറ്റത്തിന് അർഹത നേടുന്ന ജീവനക്കാരെയും പരിഗണിച്ചതിന് ശേഷം ഒഴിവുകൾ ഉള്ളപക്ഷം ആയതിലേക്ക് പരിഗണിക്കാവുന്നതാണ്. അല്ലായെങ്കിൽ കഴിയുന്നതും ഒഴിവ് ലഭ്യമാകുന്ന ഏറ്റവും അടുത്ത ജില്ലയിലെ ഓഫീസിൽ നിയമനം നൽകേണ്ടതാണ്. ടി ഉത്തരവ് വ്യവസ്ഥക്കനുസൃതമായിരുന്നു ടിയാന് തെൻമല ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിരുന്നത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

4. ശ്രീ. സുനിൽകുമാർ എ . പി സ്ഥലംമാറ്റ ഉത്തരവിനെതിരെ 29.08.2024 നൽകിയ ആക്ഷേപം പരിഗണിച്ച് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.10.2024 ലെ ഉത്തരവിൽ ക്രമനമ്പർ 24-ാമതായി ശ്രീ. സുനിൽകുമാർ.എ.പി യ്ക്ക് തിരുവനന്തപുരം കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടെന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു .

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം സർക്കാർ ഇക്കാര്യം അപ്പീൽ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിൽ 12 വർഷം 10 മാസം 10 ദിവസം ഇൻ സ്റ്റേഷൻ സീനിയോറിറ്റി ഉള്ള ശ്രീ. സുനിൽകുമാർ.എ.പി യ്ക്ക്, നിലവിലുള്ള തിരുവനന്തപുരം ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ തന്നെ തുടരുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന അപേക്ഷ പരിഗണനാർഹമല്ലായെന്ന് കാണുന്നു എങ്കിലും നിലവിൽ ടിയാന് തിരുവനന്തപുരം കോർപ്പറേഷനിലേക്ക് പ്രിൻസിപ്പൽ ഡയറക്ടർ സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടെന്നതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷയിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് ആയത് തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 1357/2024 നമ്പർ കേസിലെ 30.08.2024 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ. സുനിൽകുമാർ.എ.പി., സീനിയർ ക്ലർക്ക്, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 25-11-2024 11:26:24
സെക്ഷൻ ഓഫീസർ